LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം

എസ്. എൻ. ട്രസ്റ്റ് ഹൈസ്കൂൾ, ചാത്തന്നൂർ.

എസ്. എൻ. ട്രസ്റ്റ് ഹൈസ്കൂൾ, പുനലൂർ.

ആലപ്പുഴ

എസ്. എൻ. ട്രസ്റ്റ് ഹൈസ്കൂൾ, ചെറിയനാട്.

എസ്. എൻ. ട്രസ്റ്റ് ഹൈസ്കൂൾ, പള്ളിപ്പാട്.

ഇടുക്കി

എം. ഇ. എസ്. ഹൈസ്കൂൾ, വണ്ടൻമേട്.

തൃശ്ശൂർ

എം. ഇ. എസ്. ഹൈസ്കൂൾ, ശ്രീകണ്ഠപുരം.

പാലക്കാട്

എസ്. എൻ. ട്രസ്റ്റ് ഹൈസ്കൂൾ, ഷൊർണ്ണൂർ.

മലപ്പുറം

എം. ഇ. എസ്. ഹൈസ്കൂൾ, ഇരുമ്പിലിയം.

കോഴിക്കോട്

എസ്. എൻ. ട്രസ്റ്റ് ഹൈസ്കൂൾ, ചേളന്നൂർ.

ഈ വർഷം അനുവദിച്ച ഗവൺമെന്റ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

ഹയർ സെക്കണ്ടറി ടീച്ചർമാരുടെ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

109 [1519] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ടീച്ചർ-ജൂനിയർ സീനിയർ വിഭാഗങ്ങളിൽ സംസ്ഥാനത്താകെ എത്ര ഒഴിവുകളാണുള്ളത് എന്ന് അറിയിക്കുമോ;

(ബി) ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ ഒരോന്നിലും എത്ര ഒഴിവുകളാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ—ഡി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനായുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ഹയർ സെക്കണ്ടറി ടീച്ചർമാരുടെ 75 ശതമാനം തസ്തികകളാണ് നേരിട്ടുള്ള നിയമനത്തിന് നീക്കിവച്ചിട്ടുള്ളത്. 20-9-2001-ലെ കണക്ക് പ്രകാരം ഈ വിഭാഗത്തിൽ ആകെ 3847 ഒഴിവുകളാണ് ഉള്ളത്. ഇതിൽ 1463 എണ്ണം എച്ച്. എസ്. എസ്. ടി. ജൂനിയറും 2384 എണ്ണം എച്ച്. എസ്. എസ്. ടി. തസ്തികകളുമാണ്. ഈ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. 20-9-2001-നു ശേഷമുള്ള വേക്കൻസികൾ തിട്ടപ്പെടുത്തി യഥാസമയം പി. എസ്. സി.-യെ അറിയിക്കുന്നതാണ്.

ലാബ് അസിസ്റ്റന്റ്മാരുടെ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടി

110 [1520] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാലയങ്ങളിലെ മുഴുവൻ ലാബ് അസിസ്റ്റന്റ്മാരുടെയും നിയമനം അംഗീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എയ്ഡഡ് മേഖലയിൽ ഈ തസ്തികയിൽ അംഗീകാരം ലഭിക്കാനുള്ളവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(സി) നിയമനം അംഗീകരിക്കുന്നതുവഴി ഗവൺമെന്റിന് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് വെളിപ്പെടുത്താമോ;

(ഡി) നിയമനാംഗീകാരം നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കാമോ;

(ഇ) അംഗീകാരം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഇ) ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. എയ്ഡഡ് മേഖലയിൽ ഈ തസ്തികയിൽ അംഗീകാരം ലഭിക്കാനുള്ളവരുടെ എണ്ണവും സർക്കാർ/എയിഡഡ് മേഖലകളിൽ ലാബ് അസിസ്റ്റന്റുമാരുടെ അധികമായി സൃഷ്ടിക്കാനുള്ള തസ്തികകളുടേതുൾപ്പെടെ ഈ കാര്യത്തിലുണ്ടാകുന്ന സാമ്പത്തിക ബാധ്യത കണക്കാക്കി വരുന്നതേയുള്ളു. ഈ കാര്യത്തിൽ താമസിയാതെ തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly